## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 451** — **02-02-2023 - ൽ മറുപടിയ്ക്ക്**

## നന്നമ്പ്ര, കുണ്ടൂർ തോട് നവീകരണത്തിന് കിഫ്ബി അനുമതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കുണ്ടൂർ തോട് നവീകരണം എന്ന പദ്ധതിക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട കുണ്ടൂർത്തോട് നവീകരണം എന്ന പദ്ധതിയ്ക്ക് കിഫ്ബിയുടെ ധനാനുമതി നൽകിയിട്ടില്ല. 11.10.2022-ന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ KIIDC സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടത്തി ഒരു സങ്കേതികാവലോകന റിപ്പോർട്ട് 31.01.2023-ന് നിർവഹണ ഏജൻസിയായ KIIDC- യ്ക്ക് നൽകിട്ടുണ്ട്. പ്രസ്തുത സങ്കേതികാവലോകന റിപ്പോർട്ടിന്മേൽ നിർവഹണ ഏജൻസി നൽകുന്ന മറുപടി തൃപ്തികരമാണെങ്കിൽ കിഫ്ബിയുടെ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ ധനകാര്യ അനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട കുണ്ടൂർത്തോട് നവീകരണം എന്ന പദ്ധതിയ്ക്ക് കിഫ്ബിയുടെ ധനാനുമതി നൽകിയിട്ടില്ല. 11.10.2022-ന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ KIIDC സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടത്തി ഒരു സങ്കേതികാവലോകന റിപ്പോർട്ട് 31.01.2023-ന് നിർവഹണ ഏജൻസിയായ KIIDC- യ്ക്ക് നൽകിട്ടുണ്ട്. പ്രസ്തുത സങ്കേതികാവലോകന റിപ്പോർട്ടിന്മേൽ നിർവഹണ ഏജൻസി നൽകുന്ന മറുപടി തൃപ്തികരമാണെങ്കിൽ കിഫ്ബിയുടെ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എന്നേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | കിഫ്ബി ധനാനുമതി നൽകുന്ന പദ്ധതികളുടെ സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി സമയാനുസൃതമായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടുന്നത് ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികളാണ്. |

സെക്ഷൻ ഓഫീസർ